# ജീവിതയാത്ര

## Jeevitha Yatra

KRISHNAMURTI FOUNDATION INDIA SEPTEMBER - DECEMBER 2017 RS.2/- VOL. 13 ISSUE 1

**ജെ. കൃഷ്ണമൂർത്തിയുടെ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം**




*റിട്രീറ്റിലെ ഒരു വീഡിയോ പ്രദർശനവേളയിലെ ചിത്രം.*

“ജീവിതയാത്ര” എന്ന നമ്മുടെ മലയാളം വാർത്താപത്രിക വായിക്കുന്നവർക്കായി ഒരു റിട്രീറ്റ് ആഗസ്റ്റ് മാസം 12–14 തീയതികളിൽ ചെന്നൈയിലെ വസന്ത വിഹാറിൽ സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും നാല്പതോളം പേർ പങ്കെടുത്ത ഈ റിട്രീറ്റ് “ജീവിതത്തിന് സുരക്ഷിതത്വം ഒട്ടുംതന്നെ ഇല്ലായിരിക്കാം: ജീവിതം ജീവിക്കുന്നതിന് വേണ്ടിയാണ്” എന്ന പ്രസ്താവനയെ ആസ്പദമാക്കിയതായിരുന്നു. ഈ പ്രഭാഷണത്തിന്റെ വീഡിയോയും, മറ്റു രണ്ട് വീഡിയോകളും – ആദ്യമായി – മലയാളം സബ്റ്റൈറ്റിലുകളോടു കൂടി പ്രദർശിപ്പിക്കുകയുണ്ടായി. (കൃഷ്ണമൂർത്തിയുടെ പത്തോളം പുസ്തകങ്ങൾ മലയാള പരിഭാഷയിൽ ലഭ്യമാണെങ്കിലും, മലയാളം സബ്റ്റൈറ്റിലുകളോടുകൂടിയ ഡിവീഡികളുടെ നിർമ്മാണം ഒരു പുതിയ സംരംഭമാണ്). ഇവ രണ്ടും – കേരളത്തിൽ നിന്നുള്ളവർക്ക് ഒരു റിട്രീറ്റും, മലയാളം സബ്റ്റൈറ്റിലുകളും ആയിരുന്നു കൃഷ്ണമൂർത്തി പ്രബോധനങ്ങളെ പരത്തുന്നതിനുള്ള KFIയുടെ ഉദ്യമങ്ങളിലെ പുതിയ ഘടകങ്ങൾ. മലയാളം സബ്റ്റൈറ്റിലുകളോടു കൂടിയ ഡിവീഡികൾ ഇനിയും നിർമ്മിക്കുവാൻ KFI ആശിക്കുന്നു.

ഈ ത്രിദിന റിട്രീറ്റ് ദ്വിഭാഷികവും ലഘു പ്രഭാഷണങ്ങൾ, പ്രശ്നോത്തരയോഗങ്ങൾ, പഠനസമയം, ചർച്ചകൾ എന്നീ ഘടകങ്ങളോടു കൂടിയതുമായിരുന്നു. ഒരു ചർച്ച മലയാളത്തിലും മറ്റു രണ്ടെണ്ണം ഇംഗ്ലീഷിലുമായിരുന്നു. പങ്കെടുത്തവരിൽ പലരും വസന്തവിഹാറിൽ താമസിക്കുകയും ഒരു കൃഷ്ണമൂർത്തി പഠനകേന്ദ്രത്തിന്റെ അന്തരീക്ഷത്തെ ആസ്വദിക്കുവാൻ അവസരം ലഭിച്ചതിൽ സന്തുഷ്ടരുമായിരുന്നു. എന്നാൽ വസന്തവിഹാറിൽ വരുന്നതിന് അവർ ഇത്തരം സംഘടിത പരിപാടികളിലേക്ക് ക്ഷണിക്കപ്പെടുന്നതിനായി കാത്തിരിക്കേണ്ടതില്ലെന്നും അവരുടെ സ്വകാര്യ പഠനത്തിനും വ്യക്തിപരമായ റിട്രീറ്റിനും അവരുടെ സൗകര്യമനുസരിച്ച് വരാവുന്നതാണെന്നും അവരെ അറിയിക്കുകയുണ്ടായി.

“ജീവിതപ്രവാഹത്തിൽ നിങ്ങൾ നിങ്ങളെത്തന്നെ വീഴ്ത്തുക” എന്ന ശീർഷകത്തോടുകൂടിയ ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ലേഖനങ്ങൾ പങ്കെടുത്തവർക്കെല്ലാം വിതരണം ചെയ്തിരുന്നു. അവ വാർത്താപത്രികയുടെ ഈ പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മലയാളം സബ്റ്റൈറ്റിലുകളോടു കൂടിയ വീഡിയോകൾ താമസിയാതെ യൂട്യൂബിൽ അപ്ലോട് ചെയ്യപ്പെടുന്നതാണ്.

"J.Krishnamurti - Official Channel" എന്ന യൂട്യൂബ് ചാനലിൽ 800-ഓളം വീഡിയോകൾ (ഇംഗ്ലീഷിൽ) ഇതിനകം തന്നെ ലഭ്യമാണ്. ■

# ജീവിതപ്രവാഹത്തിൽ നിങ്ങൾ നിങ്ങളെത്തന്നെ എറിയുക

**ജീവിതം നമ്മുടെ വാതിലുകളിൽ നിരന്തരം മുട്ടുകയാണ്**

നമ്മുടെ വീടിന്റെ ജനലുകളും വാതിലുകളും നാം അടയ്ക്കുകയും ഉള്ളിൽ കഴിയുകയും ചെയ്യുമ്പോൾ നാം വളരെ സുരക്ഷിതരാണെന്നും, ഉപദ്രവിക്കപ്പെടാതെ ഭദ്രമാണെന്നും നമുക്കു തോന്നുന്നു. ജീവിതം, പക്ഷേ അങ്ങനെയല്ല. നമ്മുടെ വാതിലുകളിൽ നിരന്തരം മുട്ടുകയാണ് ജീവിതം. നാം കൂടുതൽ കാണുന്നതിനായി നമ്മുടെ ജനലുകൾ തള്ളിത്തുറക്കുവാൻ ശ്രമിക്കുകയാണ്; അങ്ങനെയെങ്കിൽ ഭയംമൂലം, നാം വാതിലുകൾ കുറ്റിയിടുകയും, എല്ലാ ജനലുകളും സാക്ഷയിടുകയും ചെയ്താൽ ആ മുട്ടൽ കൂടുതൽ ഉച്ചത്തിലാകുകയേ ഉള്ളു. ഏതു രൂപത്തിലുള്ള സുരക്ഷിതത്വത്തിനോടും നാം അള്ളിപ്പിടിക്കുന്തോറും ജീവിതം കൂടുതൽ ശക്തിയോടെ വന്ന് നമ്മെ തള്ളിമാറ്റുന്നു. നാം ഭയപ്പെടുന്തോറും, സ്വയം നമ്മെ പൊതിഞ്ഞുവയ്ക്കുന്തോറും, നമ്മുടെ ദുരിതം വർദ്ധിക്കുന്നു, കാരണം ജീവിതം നമ്മെ വെറുതെ വിടില്ല. നമുക്ക് സുരക്ഷിതരാകണം, പക്ഷെ നമുക്ക് അതിന് കഴിയില്ലെന്ന് ജീവിതം പറയുന്നു. അങ്ങനെ നമ്മുടെ പോരാട്ടം തുടങ്ങുന്നു.

*Life Ahead, p 54*

സുരക്ഷിതമാകാനുള്ള ആഗ്രഹത്തോടെ ഭയം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നു.

*Krishnamurti's Notebook, p. 129*

**ചോദ്യം:** *ഇന്ന് ലോകത്തിൽ വ്യാപകമായ ബുദ്ധിഭ്രമത്തിന് കാരണമെന്താണെന്നാണ് താങ്കൾ കരുതുന്നത്? അത് അരക്ഷിതത്വമാണോ? അങ്ങനെയാണെങ്കിൽ അരക്ഷിതത്വം അനുഭവിക്കുന്ന ലക്ഷോപലക്ഷങ്ങളെ ബുദ്ധിസ്ഥിരതയില്ലാത്തവരും,*

*ഞരമ്പുരോഗികളും, മനോരോഗികളുമാകുന്നതിൽ നിന്നും തടയാൻ, നമുക്കെന്തുചെയ്യുവാൻ കഴിയും?*

***കൃഷ്ണമൂർത്തി:*** ഒന്നാമതായി ആന്തരികമായ സുരക്ഷിതത്വം എന്ന തരത്തിലൊരു വസ്തു ഉണ്ടോ? മാനസികമായ, ആന്തരികമായ സുരക്ഷിതത്വം? അതിനൊരുത്തരം കണ്ടെത്താൻ നിങ്ങൾക്ക് കഴിഞ്ഞാൽ, പിന്നെ ശാരീരികമായ സുരക്ഷിതത്വം സാദ്ധ്യമാണ്, കാരണം അതാണ് ലക്ഷോപലക്ഷങ്ങൾക്ക് വേണ്ടത് ഭൗതികമായ സുരക്ഷിതത്വം, അടുത്ത നേരത്തെ ആഹാരവും, പാർപ്പിടവും, വസ്ത്രവും. ലക്ഷോപലക്ഷങ്ങൾ അർദ്ധപട്ടിണിയായി ഉറങ്ങാൻ കിടക്കുന്നു. കുറച്ചുപേർക്കു വേണ്ടിയല്ല, അനേകം പേർക്കുവേണ്ടി, ഭക്ഷണവും, വസ്ത്രവും, പാർപ്പിടവും എന്ന പ്രശ്നം പരിഹരിക്കുന്നതിന്, എന്തുകൊണ്ടാണ് മനുഷ്യൻ സുരക്ഷിതത്വം, മാനസികമായ സുരക്ഷിതത്വം തേടുന്നതെന്ന് നാം അന്വേഷിക്കണം. കാരണം കാര്യങ്ങളുടെ പുനഃക്രമീകരണത്തിലല്ല ഉത്തരമുള്ളത്. ഉത്തരം സാമ്പത്തികമല്ല, മറിച്ച് മാനസികമാണ്. നമ്മിലോരോരുത്തരം ആന്തരികമായ സുരക്ഷിതത്വം തേടുന്നതുകൊണ്ട് മനുഷ്യന് ബാഹ്യമായ സുരക്ഷിതത്വം തടയുന്നു. നമ്മളോരോരുത്തരും എന്തെങ്കിലുമാകുവാൻ ആഗ്രഹിക്കുന്നതുകൊണ്ട് നാം ഭൗതികപദാർത്ഥത്തെ മാനസികമായ സുരക്ഷിതത്വത്തിനുള്ള മാർഗ്ഗമായി ഉപയോഗിക്കുന്നു. നിങ്ങളങ്ങനെ ചെയ്യുന്നില്ലെ? നിങ്ങളും ഞാനും ഈ ലോകവും മനുഷ്യനെ ഊട്ടുവാനും, ഉടുപ്പിക്കുവാനും പാർപ്പിക്കുവാനും താത്പര്യപ്പെട്ടിരുന്നെങ്കിൽ തീർച്ചയായും നാം മാർഗ്ഗങ്ങൾ കണ്ടെത്തുമായിരുന്നു. അതങ്ങനെയല്ലെ? ആരും അങ്ങനെ ചെയ്യുന്നില്ല. മാനസിക വിഭ്രാന്തിക്ക് ഇതൊരു കാരണമാണ്, അല്ലെ? ഞാൻ ബാഹ്യമായി അരക്ഷിതത്വം അനുഭവിക്കുന്നുവെങ്കിൽ മനോരോഗത്തിന് ഇടവരുത്തുന്ന എല്ലാത്തരം കാര്യങ്ങളും ഞാൻ അനുഭവിക്കുന്നു.

അതിനാൽ നമ്മുടെ പ്രശ്നം സാമ്പത്തിക വിദഗ്ദ്ധർ കരുതുവാൻ ഇഷ്ടപ്പെടുന്നതുപോലെ മുഴുവൻ സാമ്പത്തികമല്ല. ശരിയായി പറഞ്ഞാൽ മാനസികമാണ്. അതായത് നമ്മിൽ ഓരോരുത്തരും വിശ്വാസത്തിലൂടെയും അന്ധവിശ്വാസത്തിലൂടെയും സുരക്ഷിതരാകുവാൻ ആഗ്രഹിക്കുന്നുവെന്ന്. സുരക്ഷിതമെന്ന് തോന്നുവാനുള്ള പ്രതീക്ഷയിൽ പല രൂപത്തിലുള്ള വിശ്വാസങ്ങളോട് നാം ഒട്ടിയിരിക്കുന്നത് നമുക്കറിയാം. വിശ്വസിക്കുന്ന മനുഷ്യന് ഒരിക്കലും ആത്മഹത്യ ചെയ്യുവാൻ കഴിയില്ലെന്ന് നിങ്ങൾക്കറിയില്ലെ? എന്നാൽ വിശ്വസിക്കാത്ത മനുഷ്യൻ ആത്മഹത്യ ചെയ്യുവാൻ തയ്യാറാണ്. ഒന്നുകിൽ അയാളെതന്നെ കൊല്ലുവാൻ, അല്ലെങ്കിൽ മറ്റാരെയെങ്കിലും കൊല്ലുവാൻ. അതിനാൽ വിശ്വാസം സുരക്ഷിതത്വത്തിനുള്ള മാർഗ്ഗമാണ്. മാത്രമല്ല, മരണാനന്തര ജീവിതത്തിലും, ദൈവത്തിലും ഞാൻ കൂടുതൽ വിശ്വസിക്കുംതോറും അതേകുറിച്ച് ഞാൻ കൂടുതൽ ചിന്തിക്കുന്നു. കാരണം അത് ആശ്വാസവും സുരക്ഷിതത്വവും നൽകുന്നു. കൂടാതെ ഞാൻ ഒരുവിധം സമനിലയുള്ളവനുമാണ്. എന്നാൽ ഞാൻ അന്വേഷിക്കുകയും പരിശോധിക്കുകയും, സംശയിക്കുകയും അവിശ്വസിക്കുകയുമാണെങ്കിൽ എനിക്ക് എന്റെ കെട്ടുറപ്പ് നഷ്ടപ്പെടുവാൻ തുടങ്ങും. എന്റെ സുരക്ഷിതത്വം എനിക്ക് നഷ്ടമാകും. മാനസികമായി എനിക്കിതു താങ്ങാനാവില്ല. അങ്ങനെ മനോവിഭ്രാന്തിയുടെ അവസ്ഥയുണ്ടാകുന്നു.

നിങ്ങളിൽത്തന്നെ, ഇതു നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലെ? അള്ളിപ്പിടിക്കുവാൻ നിങ്ങൾക്കെന്തെങ്കിലും ഉള്ള നിമിഷം നിങ്ങൾ ശാന്തരായിരിക്കും. അത് ഒരു വ്യക്തിയോ, ആശയമോ പാർട്ടിയോ ആകട്ടെ, അതെന്തായാലും കാര്യമൊന്നുമില്ല. എന്തിനോടെങ്കിലും അള്ളിപ്പിടിക്കുവാൻ നിങ്ങൾക്കു കഴിയുന്ന കാലത്തോളം നിങ്ങൾ സുരക്ഷിതരാണെന്ന് തോന്നും, ഏറെക്കുറെ സമനിലയുള്ളതായി തോന്നും. പക്ഷെ, ആ വിശ്വാസത്തെ ചോദ്യം ചെയ്തുനോക്കൂ. അത് പരിശോധിച്ചുനോക്കൂ. നിങ്ങൾ അരക്ഷിതത്വം ക്ഷണിച്ചുവരുത്തും. അതുകൊണ്ടാണ് സാമർത്ഥ്യമുള്ള എല്ലാ ആളുകളും ബുദ്ധിജീവികളും ഏതെങ്കിലും രൂപത്തിലുള്ള വിശ്വാസത്തിൽ ഒടുവിൽ എത്തിച്ചേരുന്നത്. കാരണം അവരുടെ ബുദ്ധിശക്തിയെ കഴിയുന്നിടത്തോളം അവർ പ്രചോദിപ്പിക്കും. എന്നിട്ട് ഒന്നും കാണായ്കയാൽ അവർ പറയും: "നമുക്ക് വിശ്വസിക്കാം" എന്ന്. തീർച്ചയായും, നമ്മുടെ ചോദ്യം സുരക്ഷിതത്വം മാനസികവും ആന്തരികവുമായ സുരക്ഷിതത്വം ഉണ്ടോ എന്നതാണ്. വ്യക്തമായും അതില്ല. വിശ്വാസത്തിൽ എനിക്ക് സുരക്ഷിതത്വം കണ്ടെത്താൻ കഴിയും. എന്നാൽ എന്റെ അനിശ്ചിതത്വം വിശ്വാസത്തിന്റെ രൂപത്തിൽ സുനിശ്ചിതത്വമായി മാറുന്നത് വെറും ഒരു കല്പനയാണ്.

അരക്ഷിതത്വത്തിന്റെയും സുരക്ഷിതത്വത്തിന്റെയും സത്യം കണ്ടെത്താൻ എനിക്ക് കഴിയുമോ? അപ്പോൾ മാത്രമാണ് ഞാൻ ഒരു സുബുദ്ധിയുള്ള ജീവി ആകുന്നത്. അല്ലാതെ ഏതെങ്കിലും വിശ്വാസത്തിലോ ഏതെങ്കിലും അറിവിലോ അല്ലെങ്കിൽ ഏതെങ്കിലും ആശയത്തിലോ ഞാൻ അള്ളിപ്പിടിക്കുമ്പോഴല്ല. സുരക്ഷിതത്വത്തിന്റെ നേര് കണ്ടെത്താൻ എനിക്ക് കഴിഞ്ഞാൽ ഞാൻ പൂർണ്ണതയുള്ള, ബുദ്ധിയുള്ള ജീവിയാണ്. അതാണോ നിങ്ങളുടെ ചോദ്യം? സ്പഷ്ടമായും അല്ല, കാരണം സുരക്ഷിതത്വം ഉണ്ടോ എന്നറിയാൻ നിങ്ങളാഗ്രഹിക്കുന്നില്ല. അത് സംശയിക്കുന്ന നിമിഷം, എവിടെയാണ് നിങ്ങൾ? എത്രയോ സമർത്ഥമായി നിങ്ങൾ പണിതുയർത്തിയ ചീട്ടുകൊട്ടാരം തകർന്നടിയുന്നു. സുരക്ഷിതത്വം നേടാൻ നിങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ മനോരോഗിയായ് തീരുന്നു. അതിനാൽ സുരക്ഷിതത്വം പോലൊരു വസ്തു ഉണ്ടോ എന്ന്, സുരക്ഷിതത്വത്തിന്റെ സത്യം എന്ത് എന്ന്, കണ്ടെത്തും വരെ നിങ്ങൾ ബുദ്ധിസ്ഥിരതയില്ലാത്ത ഒരു ജീവിയാണ്.

സുരക്ഷിതത്വമുണ്ടോ? മാനസികമായ സുരക്ഷിതത്വം? ആന്തരികമായ സുരക്ഷിതത്വം? സ്പഷ്ടമായും അതില്ല. അതുണ്ടാകണമെന്ന് നാം ആഗ്രഹിക്കുക മാത്രമാണ്, പക്ഷെ അതില്ല. എന്തിനെയെങ്കിലും നിങ്ങൾക്കാശ്രയിക്കുവാൻ കഴിയുമോ? നിങ്ങളങ്ങനെ ചെയ്യുമ്പോൾ എന്തു സംഭവിക്കുന്നു? ആ ആശ്രയത്വംതന്നെ ഭയത്തെ ക്ഷണിച്ചുവരുത്തലാണ്. ഭയം ആശ്രയത്വത്തിൽ നിന്നുള്ള മോചനത്തെ വളർത്തുന്നു. അത് മറ്റൊരു രൂപത്തിലുള്ള ഭയമാണ്. സുരക്ഷിതത്വത്തിന്റെ, അതിനർത്ഥം തുടർച്ചയുടെ സത്യാവസ്ഥ എന്തെന്ന് നിങ്ങൾ കണ്ടെത്തും വരെ മനസ്സിൽ ചില തടസ്സങ്ങളുണ്ടാകുവാൻ നിങ്ങൾ ബാദ്ധ്യതപ്പെട്ടിരിക്കുന്നു. പ്രവർത്തിയിലത് ഒരു മനോരോഗാവസ്ഥയെ സൃഷ്ടിക്കുന്നു. ഒരു സ്ഥിരതയുമില്ല, ഒരുറപ്പുമില്ല. പക്ഷെ സത്യമുണ്ട്. അത് സംഭവിക്കുന്നത്, മോഹത്തിന്റേയും അരക്ഷിതത്വത്തിന്റെയും മുഴുവൻ പ്രക്രിയയും നിങ്ങൾ മനസ്സിലാക്കുന്നു എങ്കിൽ മാത്രമാണ്.

*The Collected Works Vol VI.*

### നമ്മുടെ ബന്ധങ്ങളിൽ നാം എന്തുകൊണ്ട് അരക്ഷിതരാണ്?

എന്താണ് അരക്ഷിതത്വം? പരസ്പരമുള്ള നമ്മുടെ ബന്ധത്തിൽ എന്തുകൊണ്ടാണ് നാം സുരക്ഷിതരല്ലാത്തത്? ബാഹ്യലോകത്ത് ഭയങ്കരമായ അസ്വസ്ഥതയും കലാപവും യാതനയുമുണ്ട്. ഓരോരുത്തനും വേണം അവന്റേതായ ഇടവും അവന്റേതായ സുരക്ഷിതത്വവും. അരക്ഷിതത്വത്തിന്റെ ഭീകരമായ അവസ്ഥയിൽ നിന്നും രക്ഷപ്പെടുവാനും ആഗ്രഹിക്കുന്നു. എങ്കിൽ, എന്തുകൊണ്ട് നാം അരക്ഷിതരാണെന്ന് നമുക്കൊരുമിച്ച് അന്വേഷിക്കുവാൻ കഴിയുമോ? സുരക്ഷിതത്വം എന്താണെന്നല്ല, കാരണം നിങ്ങളുടെ സുരക്ഷിതത്വം ഒരു മിഥ്യയായിരിക്കാം. നിങ്ങളുടെ സുരക്ഷിതത്വം ഭാവനാപരമായ ആശയത്തിലോ, ഏതെങ്കിലും ബിംബത്തിലോ, പാരമ്പര്യത്തിലോ, അല്ലെങ്കിൽ ഒരു കുടുംബത്തിലോ പേരിലോ ആയിരിക്കാം. 'അരക്ഷിത'മെന്ന വാക്ക് അർത്ഥമാക്കുന്നതെന്താണ്? ഭാര്യയോടോ ഭർത്താവിനോടോ ഉള്ള നിങ്ങളുടെ ബന്ധത്തിൽ പൂർണ്ണമായ സുരക്ഷിതത്വത്തിന്റെ ഒരനുഭവമില്ല. എല്ലാം തികച്ചും ശരിയല്ലെന്ന ഈ തോന്നൽ പശ്ചാത്തലത്തിലെപ്പോഴുമുണ്ട്. അതിനാൽ, മനുഷ്യർ എന്തുകൊണ്ടാണ് അരക്ഷിതരാകുന്നതെന്ന് എന്നോടൊത്ത് അന്വേഷിക്കൂ. അത്, ഒരു ജോലിയില്ലാത്തതിനെ സംബന്ധിച്ചാണോ? ഈ രാജ്യം പോലെ ജനപ്പെരുപ്പമുള്ള ഒരു രാജ്യത്ത് ഒരു ജോലിക്ക് മിക്കവാറും പതിനായിരം പേരുണ്ട്. ഇതെല്ലാം നിങ്ങൾക്കറിയില്ലെ. അതോ ഞാൻ കെട്ടിച്ചമയ്ക്കുന്നതാണോ? നമ്മൾ അരക്ഷിതരല്ലായിരുന്നെങ്കിൽ, ദൈവങ്ങളെകുറിച്ച് നാം സംസാരിക്കുമായിരുന്നില്ല. സുരക്ഷിതത്വത്തെക്കുറിച്ച് നാം സംസാരിക്കുമായിരുന്നില്ല. നാം അരക്ഷിതരായതിനാൽ അതിനെതിരായതിനെ നാം തേടുന്നു.

*That Benediction is where you are, p 25*

### സുരക്ഷിതത്വവും ആശ്രയത്വവും

സുരക്ഷിതമാകാനുള്ള ആഗ്രഹം ഏറ്റവും വിചിത്രമായ കാര്യങ്ങളിലൊന്നാണ്. ആ സുരക്ഷിതത്വം ലോകത്താൽ അംഗീകരിക്കപ്പെടുകയും വേണം; നിങ്ങളിതു കാണുന്നുണ്ടോ എന്നെനിക്കറിയില്ല. ഞാനൊരു പുസ്തകമെഴുതുന്നു, അങ്ങനെ ആ പുസ്തകത്തിൽ ഞാനെന്റെ സുരക്ഷിതത്വം കണ്ടെത്തുന്നു. പക്ഷെ ആ പുസ്തകം ലോകത്താൽ അംഗീകരിക്കപ്പെടണം. അല്ലെങ്കിൽ സുരക്ഷിതത്വമില്ല. ഞാനെന്താണ് ചെയ്തിരിക്കുന്നതെന്ന് നോക്കണെ എന്റെ സുരക്ഷിതത്വം ലോകത്തിന്റെ അഭിപ്രായത്തിൽ കിടക്കുന്നു: "എന്റെ പുസ്തകങ്ങൾ ആയിരക്കണക്കിന് വിറ്റുപോകുന്നു". അങ്ങനെ ഞാൻ ലോകത്തിന്റെ മൂല്യം സൃഷ്ടിച്ചിരിക്കുന്നു. ഒരു പുസ്തകത്തിലൂടെ അതെന്തുതന്നെ ആയാലും അതിലൂടെ സുരക്ഷിതത്വം തേടുന്നതിൽ, ഞാൻ നിർമ്മിച്ച ലോകത്തെ, ഞാനാശ്രയിക്കുകയാണ്. അങ്ങനെ സ്ഥിരമായി ഞാൻ എന്നെ സ്വയം ചതിക്കുകയാണെന്നർത്ഥം. നിങ്ങളിതു കണ്ടെങ്കിൽ! അതിനാൽ സുരക്ഷിതമാകുവാനുള്ള ചിന്തയുടെ ആഗ്രഹം അനിശ്ചിതത്വത്തിന്റെ വഴിയാണ്, അരക്ഷിതത്വത്തിന്റെ വഴിയാണ്.

*The Impossible Question, p 182*

### ജീവിതത്തിന് സുരക്ഷിതത്വമില്ലായിരിക്കാം

ആകയാൽ എവിടെയാണ് സുരക്ഷിതത്വം? ഒട്ടുംതന്നെ സുരക്ഷിതത്വം ഇല്ലായിരിക്കാം. ഒന്നാലോചിച്ചു നോക്കൂ, സർ, അതിന്റെ ഭംഗി കാണൂ സുരക്ഷിതത്വത്തിനായുള്ള ആഗ്രഹമില്ലായ്മ, വ്യഗ്രതയില്ലായ്മ, സുരക്ഷിതത്വമുണ്ടെന്ന് ഒരു തരത്തിലും തോന്നായ്ക. നിങ്ങളുടെ വീടുകളിൽ, നിങ്ങളുടെ കാര്യാലയങ്ങളിൽ, നിങ്ങളുടെ തൊഴിൽശാലകളിൽ നിങ്ങളുടെ നിയമസഭകളിലും മറ്റും സുരക്ഷിതത്വമുണ്ടൊ? ജീവിതത്തിന് സുരക്ഷിതത്വമില്ലായിരിക്കാം. ജീവിക്കപ്പെടുന്നതിന് വേണ്ടിയാണ് ജീവിതം. പ്രശ്നങ്ങൾ സൃഷ്ടിക്കുവാനും, എന്നിട്ട് അത് പരിഹരിക്കുവാൻ ശ്രമിക്കുവാനും വേണ്ടി അല്ല. അത് ജീവിക്കപ്പെടുവാൻ ഉദ്ദേശിച്ചുള്ളതാണ്. അത് മരിക്കുകയും ചെയ്യും. മരിക്കുക അതാണ് നമ്മുടെ ഭയങ്ങളിലൊന്ന്.

*The Last Talks, pp 34 35*

### ചിന്ത, സുരക്ഷിതത്വം നൽകുന്നുണ്ടോ?

മൗലികമായി, അടിസ്ഥാനപരമായി, ചിന്ത മാനസികമായി സുരക്ഷിതത്വം നൽകുന്നുണ്ടോ? ചിന്തക്ക് അതിന്റെ സ്ഥാനമുണ്ട്. പക്ഷെ മാനസികമായ സുരക്ഷിതത്വം കൊണ്ടുവരുവാൻ സാധിക്കുമെന്ന് ചിന്ത ഭാവിക്കുമ്പോൾ അത് മിഥ്യാബോധത്തിൽ കഴിയുകയാണ്. ചിന്ത, അങ്ങേയറ്റത്തെ സുരക്ഷിതത്വം ആശിച്ച്, ദൈവം എന്ന് പേരുള്ള ഒരു വസ്തുവെ സൃഷ്ടിച്ചിരിക്കുന്നു. ആ ആശയത്തെ മനുഷ്യവർഗ്ഗം മുറുകെ പിടിച്ചിരിക്കുന്നു. ചിന്തക്ക് എല്ലാത്തരം ഭ്രമങ്ങളും സൃഷ്ടിക്കുവാൻ കഴിയും. മാത്രമല്ല, മനസ്സ്, പള്ളിയുടെ വിശ്വാസപ്രമാണത്തിലോ, വേറെ ചില സൈദ്ധാന്തികമായ അവകാശവാദത്തിലോ അല്ലെങ്കിൽ അതുപോലുള്ള എന്തിലും മാനസികമായി സുരക്ഷിതത്വം തേടുമ്പോൾ അത് സുരക്ഷിതത്വം തേടുന്നത് ചിന്തയുടെ ഘടനയിലാണ്. മസ്തിഷ്കത്തിൽ ഓർമ്മയായി സൂക്ഷിച്ചുവച്ചിട്ടുള്ള അനുഭവത്തിന്റെയും അറിവിന്റേയും പ്രതികരണമാണ് ചിന്ത. ആ പ്രതികരണം, അതിനാൽ എപ്പോഴും കഴിഞ്ഞകാലത്തിൽ നിന്നും പുറപ്പെടുന്നതാണ്. ഈ നിലയ്ക്ക്, കഴിഞ്ഞ കാലത്തിൽ സുരക്ഷിതത്വമുണ്ടോ?

*The Wholeness of Life, p 160*

### പൂർണ്ണമായ സുരക്ഷിതത്വമുള്ള ബുദ്ധി

മനുഷ്യൻ കെട്ടിച്ചമച്ച ഒന്നിലും മാനസികമായ സുരക്ഷിതത്വം ഇല്ലെന്ന നിരുപാധികമായ വസ്തുതയിൽ ആപേക്ഷികമായ വസ്തുതയിലല്ല നിരുപാധികമായ വസ്തുതയിൽ ഒരാൾ എത്തിച്ചേർന്നിരിക്കുന്നു. നമ്മുടെ എല്ലാ മതങ്ങളും ചിന്ത കെട്ടിച്ചമച്ചതാണ്, നിർമ്മിച്ചതാണ് എന്നൊരാൾ കാണുന്നു. വിയോജിപ്പിക്കുണ്ടാക്കുന്ന നമ്മുടെ എല്ലാ പരിശ്രമങ്ങളും സംഭവിക്കുന്നത് മതത്തിന്റെ കഴമ്പായ വിശ്വാസങ്ങളും, സിദ്ധാന്തങ്ങളും ആചാരക്രമങ്ങളും ഉള്ളപ്പോഴാണെന്ന് ഒരാൾ കാണുമ്പോൾ, ഒരാശയമായിട്ടല്ല, ഒരു യാഥാർത്ഥ്യമായി, എല്ലാം വളരെ വ്യക്തമായി ഒരാൾ കാണുമ്പോൾ, ആ യാഥാർത്ഥ്യം തന്നെ ബുദ്ധിയുടെ അസാധാരണ ഭാവത്തെ വെളിപ്പെടുത്തുന്നു. അതിലുണ്ട് സമ്പൂർണ്ണമായ, തികഞ്ഞ സുരക്ഷിതത്വം.

*The Wholeness of Life, p 166*

### ജീവിതപ്രവാഹത്തിൽ നിങ്ങൾ നിങ്ങളെത്തന്നെ എറിയുക

വ്യത്യസ്തമായൊരു ജീവിതരീതി നിങ്ങൾക്ക് കണ്ടെത്തണമെന്നുണ്ടെങ്കിൽ വടക്കോട്ട് പോകുന്നത് നിങ്ങൾ അവസാനിപ്പിച്ചേ തീരൂ. സംഭവിക്കാൻ പോകുന്നതെന്തെന്ന് ഊഹിക്കുകയല്ല, പോക്ക് നിറുത്തിയേ തീരൂ. വ്യത്യസ്തമായൊരു ജീവിതരീതിയുണ്ടോ എന്നെനിക്കറിയില്ല. വടക്കോട്ട് പോകാത്തതിനാൽ എനിക്കറിയില്ല. ആകയാൽ ഞാൻ നിൽക്കുന്നു. അതിനാൽ ആ നില്ക്കൽ തന്നെ പുതിയ ഒരു ജീവിതത്തിന്റെ തുടക്കമാണ്. സ്നേഹമെന്താണെന്ന്, സത്യമെന്താണെന്ന്, ദൈവമെന്താണെന്ന്, അങ്ങനെ ഞാൻ കണ്ടെത്തുന്നു, മനസ്സ് കണ്ടെത്തുന്നു. കാര

ണം ഇതൊന്നും വടക്കോട്ടുള്ള പോക്കല്ല. അതിനാൽ തനിച്ചാകുന്നതിൽ എനിക്ക് വിരോധമില്ല. അതുമാത്രമാണ് വഴി എന്നു ഞാൻ കാണുന്നു. നിങ്ങളിതു ചെയ്യുന്നില്ലെന്നും, നിങ്ങൾ ഒരജ്ഞനാണെന്നും, നിങ്ങളൊരു മണ്ടനാണെന്നും, നിങ്ങളൊരു ശുദ്ധനാണെന്നും, ജീവിതം ജീവിക്കപ്പെടുവാൻ ഉദ്ദേശിച്ചുള്ളതും, ആസ്വദിക്കുവാനും, ഹിമാലയത്തിൽ പോകുവാനും പ്രധാനമന്ത്രിയാകുവാനും മറ്റും ഉള്ളതാണെന്നും നിങ്ങൾ പറയുമ്പോഴും നിങ്ങളെന്നെ സാമൂഹ്യവിരുദ്ധനെന്നു വിളിക്കുമ്പോഴും എനിക്ക് വിരോധമില്ല. ഞാൻ പറയുന്നു, നിങ്ങൾക്ക് നിങ്ങളുടെ വഴി എന്ന്, പക്ഷെ നിങ്ങൾ ആ രീതിയിൽ ചിന്തിക്കുന്നില്ല. ഞാൻ പറയുന്നു, നിങ്ങൾ നിറുത്തുന്നതുവരെ ഒരു കാര്യവും ഒരിക്കലും നിങ്ങൾ കണ്ടെത്തുകയില്ല എന്ന്.

***ചോദ്യം:*** *ഒരു ഗൃഹസ്ഥന് അത് പ്രായോഗികമാണോ?*

***കൃഷ്ണമൂർത്തി:*** നിങ്ങൾ ജീവിക്കുന്ന രീതി പ്രായോഗികമാണോ? പിണങ്ങിയും, ശണ്ഠകൂടിയും, നിങ്ങളുടെ കുട്ടികൾ പരീക്ഷയിൽ ജയിക്കുവാൻ പോകുന്നില്ലെന്ന് ഭയന്ന് അവരെ വിരട്ടിയും, അവരെ പീഡിപ്പിച്ചും, അവരെ അടിച്ചും, നിങ്ങളുടെ പുത്രിമാരെ ജീവിതത്തിന്റെ ദുരിതത്തിന് ഒരിക്കലും പരിഹാരം കണ്ടെത്താത്ത ഏതോ ഒരാൾക്ക് വിവാഹം കഴിച്ചുകൊടുത്തും നിങ്ങളുടെ രീതി പ്രായോഗികമാണോ?

***ചോദ്യം:*** *പക്ഷെ ആ ഒറ്റപ്പെടൽ പ്രായോഗികമാണോ?*

***കൃഷ്ണമൂർത്തി:*** പരീക്ഷിച്ചു നോക്കണം, സാർ; നിങ്ങളുടെ ജീവിതരീതി പ്രായോഗികമാണെന്നു മാത്രം പറയരുത്. ഏറ്റവും നികൃഷ്ടമായ ജീവിതരീതിയാണത്. ആളുകളെ വധിച്ചുകൊണ്ട്, നിങ്ങളുടെ കുഞ്ഞുങ്ങളെയും എന്റെ കുഞ്ഞുങ്ങളേയും വധിച്ചുകൊണ്ട്. ആ വഴി പ്രായോഗികമല്ല. വേറെ എവിടെയെങ്കിലും ശ്രമിച്ചുനോക്കൂ.

എന്താണതിന്റെ അർത്ഥം? ജീവിതത്തിലാദ്യമായി നിങ്ങൾ ജീവിതത്തിൽ വിശ്വാസമർപ്പിക്കുന്നു. നിങ്ങളുടെ ജീവിതത്തെ ജീവിതപ്രവാഹത്തിന് സമർപ്പിക്കുന്നു. അത് നിങ്ങൾക്ക് സമൃദ്ധി പ്രദാനം ചെയ്യുന്നു. പക്ഷെ, അങ്ങനെ നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ, പിന്നെ നിങ്ങളുടെ കൈവശം ഒന്നുമില്ല. നിറുത്തുവാനും, സത്യമെന്ന് ഞാൻ പറയുന്ന ഒന്നിന് നിങ്ങളുടെ ജീവിതം നൽകുവാനും ഞാൻ പറയുന്നു. അപ്പോൾ സത്യം നിങ്ങൾക്ക് ഉപജീവനവും സുരക്ഷിതത്വവുമെല്ലാം ജീവിതത്തിൽ നൽകുന്നു. പക്ഷെ നിങ്ങളെല്ലാവരും ചിരിക്കുകയാണ്. "പാവം മനുഷ്യൻ. അയാൾ വെറുതെ സാങ്കല്പികങ്ങളായ കാര്യങ്ങൾ പറയുകയാണ്, ഒരു മൂഢൻ" എന്നു നിങ്ങൾ പറയുന്നു. നിങ്ങൾ ചിരിക്കും. എന്നിട്ട് നിങ്ങളത് തള്ളിക്കളയും. പക്ഷെ ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങളുടെ ജീവിതം പ്രായോഗികമല്ല എന്ന്. അതിനാൽ പ്രായോഗികതയെകുറിച്ച് പ്രസംഗിക്കേണ്ട, അതെകുറിച്ച് നിങ്ങൾക്കൊന്നുമറിയില്ല. സാർ, അത് ചെയ്യുന്നതെന്തെന്ന് നിങ്ങൾ കാണുന്നുണ്ടോ? അത് മനസ്സിന് ആദ്യമായി അത്യധികമായ ഊർജ്ജം നൽകുന്നു. അതാണ് ദൃഢവിശ്വാസം. വടക്കോട്ട് സഞ്ചരിക്കുവാനുള്ള വിശ്വാസമല്ല, കാരണം വടക്ക് ഇല്ലാതായി കഴിഞ്ഞു. ഇതാണ് ശരിയെന്നും, ഇതിങ്ങനെയാണെന്നുമുള്ള ദൃഢവിശ്വാസം. അതിനാൽ മനസ്സ് നിലച്ച് ജീവിതത്തിന് സ്വയം സമർപ്പിക്കുന്നു. അങ്ങനെ ആ രീതിയിലുള്ള ജീവനം ഏറ്റവും പ്രായോഗികമാണെന്ന് നിങ്ങൾ കണ്ടെത്തുമെന്ന് ഞാൻ പറയുന്നു. അപ്പോൾ നിങ്ങളുടെ കുട്ടികൾക്കും നിങ്ങളുടെ ഭാര്യക്കും അർത്ഥമുണ്ടാകും. ശരിയായ ശിക്ഷണവും ശരിയായ ബന്ധവും നിങ്ങൾ കൊണ്ടുവരും. ജീവിതത്തിൽ നിങ്ങൾക്ക് സൗന്ദര്യവും ഐശ്വര്യവും ഉണ്ടാകും.

*Bombay Dialogue 1955*

**ജീവിതം നിങ്ങളെ എടുത്തുകൊണ്ടു പോകുമ്പോൾ**

മതം, നന്മയുടെ അനുഭവമാണ്. ജീവിക്കുന്ന, ശാശ്വതമായി ചലിക്കുന്ന നദിപോലെയുള്ള സ്നേഹത്തിന്റെ (അനുഭവം). ആ അവസ്ഥയിൽ, ഒരു തേടലും ഒട്ടും തന്നെ ഇല്ലാത്ത നിമിഷം വന്നുചേരുന്നത് നിങ്ങൾ കണ്ടെത്തും. മാത്രമല്ല, തികച്ചും വ്യത്യസ്തമായ എന്തിന്റേയോ തുടക്കമാണ് തേടലിന്റെ ഈ അവസാനിക്കൽ. ദൈവത്തിനുവേണ്ടിയുള്ള, സത്യത്തിനു വേണ്ടിയുള്ള അന്വേഷണം, പൂർണ്ണമായി നന്മയുള്ളതാകുന്നതിന്റെ അനുഭവം, അതാണ് ശരിയായ മതം. അല്ലാതെ നന്മയുടെയോ എളിമയുടെയോ വളർത്തിയെടുക്കലല്ല, മറിച്ച് മനസ്സിന്റെ സങ്കല്പസൃഷ്ടികളുടെയും സൂത്രങ്ങളുടെയും അപ്പുറമുള്ള എന്തോ ഒന്നിനെ അന്വേഷിച്ചു കണ്ടെത്തലാണ്. അതിനർത്ഥം ആ ഏതോ കാര്യത്തിനു വേണ്ടിയുള്ള മനോഭാവമുണ്ടായിരിക്കൽ, അതിൽ ജീവിക്കൽ, അതായിരിക്കൽ അതാണ് ശരിയായ മതം. പക്ഷെ നിങ്ങൾക്കങ്ങനെ ചെയ്യാൻ കഴിയുന്നതു നിങ്ങൾക്കായ് സ്വയം കുഴിച്ചുണ്ടാക്കിയ പൊട്ടക്കുളം വിട്ട് ജീവിതനദിയിലേക്കിറങ്ങിച്ചെല്ലുമ്പോൾ മാത്രമാണ്. അപ്പോൾ ജീവിതത്തിന് നിങ്ങളെ സംരക്ഷിക്കുന്നതിന് അത്ഭുതകരമായൊരു രീതിയുണ്ട്. എന്തുകൊണ്ടെന്നാൽ അപ്പോൾ നിങ്ങളുടെ ഭാഗത്തുനിന്നൊരു കരുതലും ഇല്ല. ജീവിതം അത് ഇച്ഛിക്കുന്നിടത്തേക്ക് നിങ്ങളെ എടുത്തുകൊണ്ടു പോകും. കാരണം നിങ്ങൾ അതിന്റെതന്നെ ഭാഗമാണ്. പിന്നെ സുരക്ഷിതത്വത്തിന്റെ പ്രശ്നമൊന്നുമില്ല. ആളുകൾ എന്തുപറയും അല്ലെങ്കിൽ പറയില്ല എന്നതിന്റെയും. അതാണ് ജീവിതത്തിന്റെ സൗന്ദര്യം. ■

*Think on These Things, Chapter 17*

# എല്ലാ മതങ്ങൾക്കും അതീതം

*("The World within" എന്ന പുസ്തകത്തിൽനിന്ന്)*

ഞാൻ ഒരു ക്രിസ്ത്യാനിയോ ഹിന്ദുവോ ആണോ എന്നും ഞാൻ പഠിപ്പിക്കുന്നത് അയാൾ കരുതുന്നതുപോലെ എല്ലാ മതങ്ങളുടെയും കൂട്ടിക്കുഴച്ചൊരു മിശ്രിതമാണോ എന്നും "ഓ" ചോദിച്ചു. ഞാനൊരു ക്രിസ്ത്യാനിയോ ഹിന്ദുവോ അല്ലെന്നും യാതൊരു പ്രത്യേക മതത്തിനോടും എനിക്ക് ബന്ധമൊന്നുമില്ലെന്നും ഞാൻ അയാളോട് പറഞ്ഞു.

എന്താണ് ഒരു ക്രിസ്ത്യാനി അഥവാ ഒരു ഹിന്ദു? അവ പ്രതിനിധീകരിക്കുന്നത് ചില ഫോർമുലകൾ, അന്ധവിശ്വാസങ്ങൾ, ധാരണകൾ തുടങ്ങിയവകളെയല്ലേ? ബുദ്ധമതം. ഹിന്ദുമതം, ക്രിസ്തുമതം എന്നിവയുടെ അടിസ്ഥാനപരമായ ഉപദേശങ്ങൾ ഒന്നുതന്നെയല്ലേ. ഇന്ദ്രിയാധീനരാകാതിരിക്കുക, ലൗകികരാകാതിരിക്കുക. കൈവശപ്പെടുത്തി വെക്കാതിരിക്കുക. സ്നേഹിക്കുക, എല്ലാതരം സ്വാർത്ഥതയും മാറ്റിവെക്കുക. പരമോന്നതമായതിനെ തേടുക തുടങ്ങിയവയൊക്കെ? അങ്ങനെയിരിക്കെ, നാം എന്തിന് നമ്മെ ഇതും അതും എന്നൊക്കെ പേരു വിളിക്കണം. അതാകട്ടെ ദേശീയബോധത്തെപ്പോലെ ആളുകളെ വേർതിരിക്കുന്നതും , ശത്രുതയും സംഭ്രാന്തിയും സൃഷ്ടിക്കുന്നതുമാണ്. നൂറ്റാണ്ടുകളുടെ വർദ്ധനവ്, ചടങ്ങുകൾ, വിശ്വാസങ്ങൾ, ഇരുളാക്കുന്ന അൾത്താരകൾ, മ

ന്ത്രോച്ചാരണങ്ങൾ ചെയ്യുന്ന പുരോഹിതന്മാർ എന്നിവ, സ്നേഹിക്കുക, ദയയുള്ളവരാകുക, കൊല്ലാതിരിക്കുക, എന്നിവയെക്കാൾ കൂടുതൽ പ്രാധാന്യമുള്ളവയായിത്തീർന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, മല്ലിടുന്ന വിശ്വാസങ്ങളിലും, ഹൃദയഹാരികളായ ചടങ്ങുകളിലും സ്വയം നഷ്ടമാവുക എന്നത് അവനവനിൽത്തന്നെ യാഥാർത്ഥ്യത്തെ തേടുന്നതിനേക്കാൾ എളുപ്പമാണ്.

ദേശീയബോധം, വർഗ്ഗീയ മുൻവിധികൾ, അനേകവിഭാഗങ്ങൾ, മതങ്ങൾ എന്നിവയാൽ ലോകം വേർതിരിക്കപ്പെട്ട് കഷ്ണങ്ങളായി തീർന്നിരിക്കുന്നു. അവ ഒരിക്കലും യോജിക്കാത്തവയും, വശത്താക്കുകയും, നശിപ്പിക്കുകയും ചെയ്യുന്നവയും, ആധിപത്യമുണ്ടാക്കുന്നവയും, ചൂഷണം ചെയ്യുന്നവയുമാണ്; അത് അവസാനമില്ലാത്ത സംഘർഷത്തിനും ശത്രുതയ്ക്കും കാരണമാകുന്നു. ഇത് യുദ്ധത്തിനുള്ള കാരണങ്ങളിലൊന്നാണ്.

യാഥാർത്ഥ്യം മാത്രമേയുള്ളൂ, രണ്ടാമതൊന്നില്ലാത്ത പരമോന്നതമായത്. ഒരേയൊരു മനുഷ്യത്വവും, ഒരേയൊരു ധർമ്മവുമേയുള്ളൂ; അതിന്റെ സാക്ഷാത്കാരത്തിലേക്കുള്ള വഴിയാകട്ടെ നിങ്ങളിലൂടെ മാത്രമാണ്. മറ്റൊരു മാർഗ്ഗത്തിലൂടെയോ, മറ്റൊരു വ്യക്തിയിലൂടെയോ അല്ല. നിങ്ങളുടെ സ്വന്തം മുക്തിയെ തേടൂ, അപ്പോൾ നിങ്ങൾ ലോകത്തിനെയും അതിന്റെ സംഭ്രാന്തിയിൽനിന്നും, സംഘർഷത്തിൽനിന്നും, ദുഃഖത്തിൽനിന്നും, ശത്രുതയിൽനിന്നും മുക്തമാക്കും. കാരണം നിങ്ങൾ ലോകമാണ്. നിങ്ങളുടെ സമസ്യ ലോകത്തിന്റെ സമസ്യയാണ്. നിങ്ങൾ നിങ്ങളുടെ വിശ്വാസങ്ങളെയും, നിങ്ങളുടെ തുച്ഛമായ ദൈവങ്ങളെയും, നിങ്ങളുടെ ദേശീയബോധത്തിനെയും, നിങ്ങളുടെ ഉടമസ്ഥാവകാശങ്ങളെയും, നിങ്ങളുടെ നേതാക്കന്മാരെയും മുറുകെപ്പിടിച്ചിരിക്കുന്നുവെങ്കിൽ, സംഭ്രാന്തിയും സംഘർഷവും നിറഞ്ഞ, വിഭാഗങ്ങളോടും, വർഗ്ഗീയവും മതപരവുമായ മുൻവിധികളോടും സാമ്പത്തികവും ആശയപരവുമായ അതിരുകളോടുംകൂടിയ ഒരു ലോകം നിങ്ങൾ സൃഷ്ടിക്കും. അത് സദാ ഭിന്നതയിലേക്കും, ദ്വേഷത്തിന്റെ വളർച്ചയിലേക്കും, വർദ്ധിക്കുന്ന വിപത്തുകളിലേക്കും നയിക്കും.

ഒരുവൻ ഉപരിപ്ലവങ്ങളായ ഈ വിഷയങ്ങളേയും, ഈ ശ്രദ്ധ തിരിക്കലുകളെയും, ആത്മവഞ്ചന നടത്തുന്ന ഈ ആഗ്രഹപൂർത്തീകരണങ്ങളെയും മാറ്റിവെച്ച് ശരിയായ ചിന്ത വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. ശരിയായ ചിന്ത വരുന്നത് സ്വീയ ജ്ഞാനത്തിലൂടെയാണ്. സ്വീയ ജ്ഞാനം യാതൊരു ഫോർമുലകളിലും അധിഷ്ടിതമല്ല. നമ്മുടെ ചിന്തകളെയും, വികാരങ്ങളെയും, കർമ്മങ്ങളെയും, പ്രതികരണങ്ങളെയും, നമുക്കുള്ളിലുള്ള എല്ലാ വൈരുദ്ധ്യങ്ങളെയും സംബന്ധിച്ചുള്ള നിരന്തരമായ അവബോധത്തിലൂടെ സ്വീയജ്ഞാനം വരുന്നു. അതിൽനിന്ന് ശരിയായ ചിന്തയും ശരിയായ തിരിച്ചറിവും ഉയരുന്നു. ശരിയായ ചിന്തയ്ക്ക് ശരിയായ തൊഴിലും വേർതിരിവില്ലാത്ത കർമ്മവും ആവശ്യമാണ്. കാരണം സ്വീയജ്ഞാനം എന്നത് ഭിന്നിപ്പിക്കുന്നതും, പരിമിതവും, ഇടുങ്ങിയതുമായ ബുദ്ധിപരമായ ജ്ഞാനമല്ല. ഒരുവൻ സ്വയം മനസ്സിലാക്കവേ, പൂർണ്ണതയുടെ തിരിച്ചറിവുണ്ടാകുന്നു.

പരമോന്നതമായതിനെ സാക്ഷാൽക്കരിക്കുന്നതിന്, നിങ്ങളെത്തന്നെ തിരിച്ചറിയുവാൻ തുടങ്ങൂ. ഈ തിരിച്ചറിവ് നേടേണ്ടത് മറ്റൊരുവനിലൂടെയോ, ഒരു പള്ളിയിലൂടെയോ, ഏതെങ്കിലും സംഘടനയിലൂടെയോ അല്ല. എന്നാൽ അതികാംക്ഷയെക്കുറിച്ചുള്ള നിങ്ങളുടെ സ്വന്തം അവബോധത്തിലൂടെയാണ്. ഇന്ദ്രിയാധീനത. ലൗകികത, വ്യക്തിപരമായ അമരത്വം. സമ്പത്ത്, അധികാരം, പ്രശസ്തി, പ്രാമാണികത. അത്ഭുതം, നിഗൂഢത എന്നിവയ്ക്കു വേണ്ടിയുള്ള അതികാംക്ഷ ദുഃഖത്തിന് കാരണമാകും. നിങ്ങൾക്കല്ലാതെ മറ്റാർക്കും നിങ്ങളെ രക്ഷിക്കുവാൻ കഴിയുകയുമില്ല. ഈ ബന്ധനങ്ങളിൽ നിന്നുള്ള മുക്തിയിലൂടെ വിവേകം വരുന്നു. അത് പരമോന്നതമായതിലേക്കുള്ള വാതിൽ തുറക്കുന്നു. ■

# ഈവിധം മരിക്കുക എന്നത് അവന്റെ വിധിയായിരുന്നോ?

തന്റെ മക്കളെക്കാളും അത്യധികം താൻ സ്നേഹിച്ചിരുന്ന തന്റെ സഹോദരൻ ആകസ്മികമായി മരിച്ചിരിക്കുന്നുവെന്ന് 'എം' പറഞ്ഞു. ഈ സംഭവത്താൽ അയാൾ അത്യന്തം അസ്വസ്ഥനും സംഭ്രാന്തനുമായിരുന്നു; അയാൾക്ക് മതപരമായ ചായ്വ് ഉണ്ടായിരുന്നുവെങ്കിലും, തന്റെ മതപരമായ വിശ്വാസങ്ങളിൽ അയാൾ ആശ്വാസമൊന്നും കണ്ടെത്തിയില്ല, കാരണം ഈ മരണം അയാൾ കെട്ടിപ്പടുത്തിരുന്ന മതപരമായ സകല ഘടനകളെയും ഉടച്ചുതകർത്തിരുന്നു. അയാൾ പല പൗരസ്ത്യപുണ്യ ഗ്രന്ഥങ്ങളും വായിച്ചിരുന്നു. ഈ വിധം സഫലീകരിക്കപ്പെടാതെ, യുദ്ധഭൂമിയിൽ തകർന്നു മരിക്കുക എന്നത് തന്റെ സഹോദരന്റെ വിധിയായിരുന്നോ? അവന് മറ്റൊരവസരം ലഭിക്കുമോ? ജീവിതത്തിന്റെ അത്യധികമായ അവസരങ്ങൾ അവന് നഷ്ടമാകുകയല്ലേ? അയാൾ (എം) സ്വയം സഫലീകരിക്കുകയും, ജീവിക്കുകയും, നിലനിൽക്കുകയും ചെയ്യുമ്പോൾ, അവൻ എന്തിന് കൊല്ലപ്പെടണം? ചിലർ പറഞ്ഞുവെച്ചിരിക്കുന്നതുപോലെ, തന്റെ സഹോദരൻ മറുവശത്ത് ജീവിക്കുകയാണോ? ഇത് അത്യധികം സങ്കീർണ്ണവും മനസ്സിലാക്കുവാൻ പ്രയാസമുള്ളതുമായൊരു സമസ്യയാണ്. കേവലമായ വിശ്വാസങ്ങളോ, സമർത്ഥനങ്ങളോ, മുൻധാരണകളോ വലിയ പ്രയോജനമുള്ളവയല്ല. ഒരുവൻ അഗാധമായ ദുഃഖം അനുഭവിക്കുമ്പോൾ, അവൻ ഉപരിപ്ലവങ്ങളായ ഉപായങ്ങളും ഉപകരണങ്ങളും മാറ്റി വെക്കുകയും, അവയിൽ ആശ്വാസം കണ്ടെത്തുവാൻ പ്രലോഭിതനാകാതിരിക്കുകയും വേണം. കാരണം അത് യഥാർത്ഥമായ തിരിച്ചറിവിന്റെ നാശമാണ്. ഈ തിരിച്ചറിവിനെ വളർത്തിയെടുക്കുന്നതാണ് ദുഃഖത്തിൽ നിന്നുള്ള മുക്തി കൈവരിക്കുന്നത്.

നാം വ്യക്തികളാണോ? അതോ, വ്യക്തിത്വം എന്ന പരിണാമത്തിന്റെ പല കാരണങ്ങളുടെ ഒരു ഫലമാണോ? നാം ജനക്കൂട്ടമല്ലേ? പലതിന്റേതല്ലാത്തത്, ജനക്കൂട്ടത്തിന്റേതല്ലാത്തത് എന്ന് വിളിക്കപ്പെടാവുന്ന ഒരു ചിന്ത വികാരം വല്ലപ്പോഴുമല്ലേ നമുക്കുള്ളൂ? മനുഷ്യലോകം സ്വയം രാജ്യങ്ങളായും, വർഗ്ഗങ്ങളായും. ഗണങ്ങളായും, സാമ്പത്തികവും മതപരവുമായ വിഭാഗങ്ങളായും സ്വയം വിഭജിച്ചിരിക്കുന്നുവെങ്കിലും, അടിസ്ഥാനപരമായി എല്ലാ മനുഷ്യരും ഒരുപോലയല്ലേ വെറുക്കുന്നവൻ, സ്നേഹിക്കുന്നവൻ, ലോഭമുള്ളവൻ, അസൂയാലുക്കൾ, ഭയമുള്ളവൻ,

സമർത്ഥിക്കുന്നവൻ എന്നിങ്ങനെ? ചിന്ത വികാരം വിഭാഗത്തിനോട് രാജ്യത്തിനോട്, മതത്തിനോട് എന്നിങ്ങനെയുള്ളതിനോട് താദാത്മ്യപ്പെട്ടിരിക്കുന്നതുവരെ, തീർച്ചയായും അത് വ്യതിരിക്തമായതല്ല; അത് ജനക്കൂട്ടത്തിനോട്, പാരമ്പര്യത്തിനോട്, അജ്ഞാനപരമായ ഭൂതകാലത്തിനോട് ബന്ധപ്പെട്ടിരിക്കുന്നു; അതുകൊണ്ടുതന്നെ അത് വിഭാഗത്തിന്റെയും, രാജ്യത്തിന്റെയും, വർഗ്ഗത്തിന്റെയുമായ വെറുപ്പ്, ലോഭം, മാമൂലുകൾ, കാടത്തരങ്ങൾ എന്നിവയിലേക്ക് വലിക്കപ്പെടുന്നു. വ്യതിരിക്തങ്ങളായ ഇന്ദ്രിയങ്ങൾ, ബുദ്ധി എന്നിവ ഉണ്ടെങ്കിലും നിങ്ങൾ കുറച്ചോ അധികമോ സ്വത്തുക്കളോടുകൂടി, ഒരു നാമത്തോടുകൂടി, ഒരു ലേബലോടുകൂടി സ്വയം ഒറ്റപ്പെട്ട് വ്യതിരിക്തമായൊരു ഗൃഹത്തിൽ ജീവിക്കുന്നുവെങ്കിലും, ഇത് വ്യക്തിത്വത്തെ ഉണ്ടാക്കുന്നുണ്ടോ? നിങ്ങൾ എന്നാലും ജനക്കൂട്ടം തന്നെയല്ലേ? എന്തുകൊണ്ടെന്നാൽ, നിങ്ങൾ പല ഘടകങ്ങളുടെ പരിണതഫലവും, പല സ്വാധീനങ്ങളോടുകൂടിയതുമാണ്. നിങ്ങൾ ജനക്കൂട്ടമായിരിക്കുന്നതുവരെ, നിങ്ങൾ അനിവാര്യമായും അതിന്റെ വിരുദ്ധ പ്രതികരണത്തെ സൃഷ്ടിക്കും. വ്യക്തിത്വം, അതിന്റേതായ എല്ലാ വ്യതിരേകപരവും പ്രത്യേകപരവുമായ പ്രതീക്ഷകളോടും, അതികാംക്ഷകളോടും, വിശ്വാസങ്ങളോടും നടപടികളോടും, ദുഃഖങ്ങളോടും കൂടി.

അങ്ങനെ നിങ്ങൾ വൈരുദ്ധ്യത്തിന്റെ കേന്ദ്രബിന്ദുവായിത്തീരുന്നു; ഈ കേന്ദ്രബിന്ദുവാണ് അഹംബോധം, 'ഞാനും', 'എന്റേതും', 'ഞാൻ' എന്നതിന്റെ ബോധം. ഈ കേന്ദ്രബിന്ദുവിന് യഥാർത്ഥമായും എന്നെന്നേക്കുമായും നിലനിൽപ് എന്തെങ്കിലുമുണ്ടോ? അത് ദിനംപ്രതി, മണിക്കൂർതോറും മാറുന്നില്ലേ? അതിൽ സ്ഥിരമായി, ശാശ്വതമായി ഒന്നുമില്ല. എങ്കിലും നാം അതിനെ, സ്വയം വിരുദ്ധവും അസ്ഥിത്വമില്ലാത്തതുമായ ഈ അവസ്ഥയെ അള്ളിപ്പിടിക്കുന്നു. അഹംബോധം എന്നത് അതികാംക്ഷയിലൂടെ ഉളവാക്കപ്പെട്ടൊരു മിഥ്യാഭ്രമമാണ്. അതികാംക്ഷയുടെ പീഢനങ്ങൾ മിഥ്യാബോധത്തെ തീവ്രമാക്കുന്നു; ഇത് ഗഹനമായി മനസ്സിലാക്കുകയും ഇതിന് അതീതമാകുമ്പോഴുമാണ് അനശ്വരമായത്, അമരമായത് അനുഭവിക്കുവാൻ കഴിയുക. അതിനെ അനുഭവിക്കുക എന്നതാണ് നമ്മുടെ സമ്പൂർണ്ണ താത്പര്യവും, കാരണം അതിന്റെ വെളിയിലായി സംഘട്ടനം, സംഭ്രമം, ദുഃഖം എന്നിവയുണ്ട്.

അയാളുടെ സഹോദരൻ സഫലീകരിക്കുന്നുണ്ടോ, ജീവിക്കുന്നുണ്ടോ? ഈ വിധമുള്ള ജീവിതം പരിഭ്രമത്തിന്റെ, ഉൽകണ്ഠയുടെ, ലോഭത്തിന്റെ, സംഘട്ടനത്തിന്റെ സ്നേഹത്തിന്റേതായ സുഖാനുഭവങ്ങളുടേയും വേദനകളുടേയും അത്യധികമായ അനിശ്ചിതത്വത്തിന്റെ സഫലീകരിക്കുന്നതാണോ? ഇതാണോ അസ്തിത്വം? അയാൾ ആ സഹോദരനുവേണ്ടി ദുഃഖിക്കുകയല്ലേ, അങ്ങനെ ദുഃഖിക്കവേ, അയാൾ സ്വയംതന്നെ അതേ വിഷമാവസ്ഥയിലല്ലേ? അയാൾ സഫലീകരിക്കുന്നുവെന്ന് അയാൾ വിചാരിക്കുന്നുണ്ടോ, സംഘട്ടനത്തിന്റെയും, സംഭ്രമത്തിന്റെയും, ദുഃഖത്തിന്റെയും ഈ ജീവിതത്തെ അയാൾ ഒരു പൂർണ്ണ ജീവിതം എന്ന് വിളിക്കുന്നു ണ്ടാ? ഈ വിധമുള്ള അസ്തിത്വം അനിവാര്യമായി വേദനയും ദുരിതവും ഉണ്ടാകുന്ന വിചാരശൂന്യമായൊരു അവസ്ഥയല്ലേ? അയാൾ ഈ ദുഃഖാനുഭവത്തിന്റെ അനേകം കാരണങ്ങളെക്കുറിച്ച് ബോധവാനാകുകയും, അവയെക്കുറിച്ച് വിചാരം ചെയ്യുകയും അവയിൽനിന്ന് സ്വയം മുക്തമാകുകയും ചെയ്യുന്നുവെങ്കിൽ, കാലംകൊണ്ട് ദ്രവിച്ചുപോകാത്ത, നശിച്ചുപോകാത്ത ഒരു നിധി അയാൾ കണ്ടെത്തും.

ഭൂതകാലം വർത്തമാനകാലത്തിന്റെ സംയോഗത്തോടു കൂടി 'ഞാൻ' എന്ന ബോധത്തെ, വ്യക്തിത്വഭാവത്തെ സൃഷ്ടിക്കുന്നു. ഈ വ്യക്തിത്വത്തിന് അതിന്റേതായ സ്വന്തം പരിണാമമുണ്ട്. അതിന്റേതായ സംഘട്ടനത്തിന്റെയും ദുഃഖങ്ങളുടെയും അസ്തിത്വമുണ്ട്, കാരണം അതിന്റെ സ്വഭാവംതന്നെ സ്വയം അടച്ചുകെട്ടുക, സ്വയം പരിമിതപ്പെടുത്തുക എന്നതാണ്. അതിന്റെ അസ്തിത്വംതന്നെ ഒരു വൈരുദ്ധ്യമാണ്, മിഥ്യയായ ഈ അഹംബോധം കാലദേശത്തിൽ അതിനെത്തന്നെ എത്ര മികവുറ്റതാക്കാൻ ശ്രമിച്ചാലും, അത് എന്താണോ അതുതന്നെ ആയി തുടരും; അതികാംക്ഷയുടെ ഒരു കേന്ദ്രബിന്ദു, അതുകൊണ്ടുതന്നെ മിഥ്യാബോധത്തിന്റെ കാരണം. അതികാംക്ഷ നിലനിൽക്കുന്നതുവരെ, വ്യതിരിക്തമായ അസ്തിത്വമെന്ന മിഥ്യാഭ്രമം, അതിന്റെ ജനനവും മരണവും, സ്നേഹവും വെറുപ്പും, പുരോഗമനവും പരാജയവും, വർത്തമാനവും ഭാവിയും എന്നുതുടങ്ങിയ സമസ്യകളോടുകൂടി തുടരുന്നു. ഈ മിഥ്യാബോധത്തിൽ നിന്ന് ഉയരുന്ന ഏത് ചോദ്യങ്ങളും, അവയ്ക്കുള്ള ഉത്തരങ്ങളും തീർച്ചയായും മിഥ്യയാണ്. ചിന്ത, വികാരം, ഇന്ദ്രിയങ്ങൾ, ബുദ്ധി എന്നിവ സൃഷ്ടിച്ചിരിക്കുന്ന അഹംബോധം എന്ന മിഥ്യാബോധത്തിൽ നിന്ന് ചിന്ത വികാരം സ്വയം മുക്തമാകുമ്പോൾ മാത്രമേ യാഥാർത്ഥ്യമുള്ളു; അത് അതികാംക്ഷയിൽപ്പെട്ടിരിക്കുന്ന മനസ്സ് വികാരത്തിനാൽ മനസ്സിലാക്കപ്പെടേണ്ടൊരു പരമാനന്ദമല്ല. അതികാംക്ഷയെ നിരീക്ഷിക്കവേ, പഠിക്കവേ, മനസ്സിലാക്കവേ, അതിനെക്കുറിച്ച് അവബോധിതനാകവേ, പുതിയൊരു ശേഷി, പുതിയൊരു ഇച്ഛാശക്തി, പുതിയൊരു തിരിച്ചറിവ് ഉടലെടുക്കുന്നു. ഈ പുതിയ തിരിച്ചറിവാണ് പരമോന്നതമായതിന്റെ അനുഭവം സംഭവിപ്പിക്കുന്നത്. ■

*Published in September, January and May*
*Registered with the Registrar of Newspaper for India under No. TNMAL/2005/17822*

Periodical

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124,126 (Old 64,65) Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org
Websites : www.kfionline.org / www.jkrishnamurti.org

*Published by Dr. V. Aravind on behalf of the Krishnamurti Foundation India, Vasanta Vihar, 124, 126 Greenways Road, Chennai–600 028. Printed by N. Subramanian at Sudarsan Graphics Offset Press, 27 Neelakanta Mehta Street, T'Nagar, Chennai–600 017. Editor: K. Krishnamurthy*